ഐ.എച്ച്.ആർ.ഡി. സ്കൂളുകളിലെ പ്ലസ് ടു കോഴ്സിന്റെ ഫീസ്

*9 [264] ശ്രീ. കെ. എ. ചന്ദ്രൻ:
,, എ. പി. അനിൽകുമാർ:
,, ടി. എൻ. പ്രതാപൻ:
,, പി. ജെ. ജോയി:
,, ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.-യുടെ എത്ര സ്കൂളുകളിൽ പ്ലസ് ടു കോഴ്സ് നടത്തുന്നുണ്ട്;

(ബി) പ്രസ്തുത കോഴ്സിന് ഐ.എച്ച്.ആർ.ഡി. ചുമത്തുന്ന വാർഷിക ഫീസ് എത്രയാണ്;

(സി) ഐ.എച്ച്.ആർ.ഡി.-യുടെ സ്കൂളുകൾ സ്ഥാപിച്ചിട്ടുള്ള ജില്ലകളിൽ മറ്റ് സ്വാശ്രയ സ്കൂളുകൾ പ്ലസ് ടു കോഴ്സിന് വാങ്ങുന്ന ഫീസെത്രയാണ്;

(ഡി) മറ്റ് സ്വാശ്രയ സ്കൂളുകളിൽ പ്ലസ് ടു കോഴ്സിന് വാങ്ങുന്ന ഫീസും ഐ.എച്ച്.ആർ.ഡി. പ്ലസ് ടു കോഴ്സിന് വാങ്ങുന്ന ഫീസും താരതമ്യം ചെയ്തിട്ടുണ്ടോ;

(ഇ) എങ്കിൽ ഐ.എച്ച്.ആർ.ഡി. പ്ലസ് ടു കോഴ്സിന് ചുമത്തുന്ന ഫീസ് കൂടുതലാണോ;

(എഫ്) ഐ.എച്ച്.ആർ.ഡി. സ്കൂളുകളിൽ ഒ.ബി.സി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഫീസിൽ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ട്;

(ജി) ഒരാനുകൂല്യവും നൽകാത്തപക്ഷം കാരണം വ്യക്തമാക്കാമോ;

(എച്ച്) ഈ സ്കൂളുകളിൽ ഒ.ബി.സി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് എന്തെങ്കിലും ആനുകൂല്യമോ സ്കോളർഷിപ്പോ നൽകാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) പ്ലസ് ടു കോഴ്സ് നടത്തുന്നില്ല. എന്നാൽ 25 ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ടെക്നിക്കൽ ഹയർ സെക്കണ്ടറി കോഴ്സ് നടത്തുന്നുണ്ട്.

(ബി) ട്യൂഷൻ ഫീസ് .. 5,000
സ്പെഷ്യൽ ഫീസ് .. 3,000
മറ്റ് ഫീസുകൾ .. 900
ആകെ .. 8,900

LIBRARY ARCHIVES Kerala Legislative Assembly

(സി) ട്യൂഷൻ ഫീസ്	..	500	പ്രതിമാസം
മറ്റ് ഫീസുകൾ	..	1,000	പ്രതിവർഷം
കാഷൻ ഡിപ്പോസിറ്റ് (തിരികെ നൽകുന്നത്)	..	1,000	

(ഡി) വ്യത്യസ്ത കോഴ്സുകളായതിനാൽ താരതമ്യ പഠനം ആവശ്യമായി വന്നിട്ടില്ല.

(ഇ) (ഡി)-യിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യമുദിക്കുന്നില്ല.

(എഫ്) ഫീസിൽ ഇപ്പോൾ ആനുകൂല്യങ്ങൾ ഒന്നും നൽകുന്നില്ല.

(ജി) ഒ.ബി.സി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് എസ്.സി./എസ്.റ്റി. വകുപ്പിൽനിന്നും ഈ ആനുകൂല്യം നൽകുന്നില്ല.

(എച്ച്) ഇപ്പോൾ പരിഗണനയിലില്ല.

പ്രവാസികൾക്ക് തിരിച്ചറിയൽ കാർഡ് പദ്ധതി

*10 [265] ശ്രീ. രാജു എബ്രഹാം:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. പി. സി. ജോർജ്:
,, കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) തിരിച്ചറിയൽ കാർഡ് തയ്യാറാക്കുന്നതിനുള്ള ചുമതല ആർക്കാണ് നൽകാൻ ഉദ്ദേശിക്കുന്നത്;

(ഡി) തിരിച്ചറിയൽ കാർഡിന് ഫീസ് ചുമത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഇ) എന്തെല്ലാം കാര്യങ്ങൾക്ക് പ്രയോജനപ്പെടുന്ന രൂപത്തിലാണ് ഈ കാർഡ് തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ):

(എ—ഇ) പ്രവാസികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വിശദാംശങ്ങൾ ചർച്ച ചെയ്തു വരുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly